ഉത്തരം

പട്ടികജാതിക്കാർക്ക് നൽകിയ ചികിത്സാ ധനസഹായം സംബന്ധിച്ച വിവരങ്ങൾ ശേഖരിച്ച് നൽകുന്നതാണ്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഒല്ലൂർ നിയോജകമണ്ഡലത്തിലെ 127 പട്ടികവർഗ്ഗ വിഭാഗക്കാർക്ക് ചികിത്സാ ധനസഹായമായി ദുരിതാശ്വാസ നിധിയിൽ നിന്നും ആകെ 1,31,635 രൂപ (ഒരു ലക്ഷത്തി മുപ്പത്തി ഒന്നായിരത്തി അറുനൂറ്റി മുപ്പത്തഞ്ച് രൂപ) അനുവദിച്ചു നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

പള്ളുരുത്തി നിയോജക മണ്ഡലത്തിലുള്ളവർക്ക് ചികിത്സാസഹായം

130 (1093) ശ്രീ. സി. എം. ദിനേശ് മണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പള്ളുരുത്തി നിയോജകമണ്ഡലത്തിൽ നിന്നുള്ള എസ്സി./എസ്ടി. വിഭാഗത്തിൽപ്പെട്ട എത്ര പേർക്ക് ചികിത്സാ സഹായം അനുവദിച്ചുവെന്ന് വ്യക്തമാക്കുമോ ;

(ബി) ഇതിനായി എത്ര തുക ചെലവായിട്ടുണ്ട് എന്ന വിവരം ഇനംതിരിച്ച് ലഭ്യമാക്കുമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പട്ടികജാതി വിഭാഗത്തിൽപ്പെട്ട 46 പേർക്ക് ചികിത്സാധനസഹായം അനുവദിച്ചിട്ടുണ്ട്. പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ആർക്കും ചികിത്സാ ധനസഹായം അനുവദിച്ചിട്ടില്ല.

(ബി) പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക് ചികിത്സാ ധനസഹായമായി വിവിധ ചികിത്സകൾക്കായി 3,13,500 രൂപ ചെലവഴിച്ചിട്ടുണ്ട്.

മുല്ലശ്ശേരി ബ്ലോക്കിൽ അനുവദിച്ച ചികിത്സാ സഹായം

131 (1094) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരമേറ്റശേഷം പിന്നോക്ക പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രിയുടെ ചികിത്സാ സഹായമായി എത്രപേർക്ക് എത്ര തുക അനുവദിച്ചുവെന്നറിയിക്കുമോ ;

(ബി) ഇതിൽ മുല്ലശ്ശേരി ബ്ലോക്ക് പരിധിയിൽ എത്ര പേർക്ക് എത്ര തുക അനുവദിച്ചുവെന്ന് അറിയിക്കാമോ ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഈ സർക്കാർ അധികാരമേറ്റശേഷം 31-1-2011 വരെ പട്ടികജാതി വിഭാഗത്തിൽപ്പെട്ട 33983 ഗുണഭോക്താക്കൾക്കായി 1848.28 ലക്ഷം രൂപയും പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് 3,91,04,000 രൂപയും (മൂന്ന് കോടി തൊണ്ണൂറ്റി ഒന്ന് ലക്ഷത്തി നാലായിരം രൂപ) ചികിത്സാ സഹായമായി അനുവദിച്ചിട്ടുണ്ട്. പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ഗുണഭോക്താക്കളുടെ എണ്ണം ശേഖരിച്ച് വരുന്നു.

(ബി) മുള്ളശ്ശേരി ബ്ലോക്ക് പരിധിയിൽ പട്ടികജാതിയിൽപ്പെട്ട 287 പേർക്കായി 11,93,000 (പതിനൊന്ന് ലക്ഷത്തി തൊണ്ണൂറ്റി മുവായിരം) രൂപ ചികിത്സാ ധനസഹായം അനുവദിച്ചിട്ടുണ്ട്. മുള്ളശ്ശേരി ബ്ലോക്ക് പരിധിയിൽ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ആർക്കും ചികിത്സാ ധനസഹായം അനുവദിച്ചിട്ടില്ല.

വയനാട് ജില്ലയിൽ പട്ടികസമുദായ വിഭാഗത്തിന് അനുവദിച്ച ചികിത്സാ ധനസഹായം

132 (1095) ശ്രീ. എം. വി. ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടികസമുദായ വിഭാഗങ്ങൾക്ക് ചികിത്സാ ധനസഹായമായി കഴിഞ്ഞ രണ്ട് വർഷങ്ങളിൽ സംസ്ഥാനത്ത് ആകെ അനുവദിച്ച തുകയുടെ ജില്ലാതല വിശദാംശം ലഭ്യമാക്കുമോ ;

(ബി) പട്ടികവർഗ്ഗ വിഭാഗങ്ങൾക്കായി കഴിഞ്ഞ രണ്ടുവർഷങ്ങളിൽ ചികിത്സാ ധനസഹായമായി ആകെ അനുവദിച്ച തുകയുടെ ജില്ലാതല വിശദാംശം ലഭ്യമാക്കുമോ ;

(സി) പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ചികിത്സാ ധനസഹായമായി വകുപ്പുമന്ത്രിയുടെ സഹായനിധിയിൽ നിന്നും ഒരാൾക്ക് അനുവദിക്കാവുന്ന പരമാവധി തുക എത്രയെന്ന് വ്യക്തമാക്കുമോ ;

(ഡി) കഴിഞ്ഞ രണ്ട് വർഷങ്ങളിൽ ചികിത്സാ ധനസഹായമായി ഒരാൾക്ക് അനുവദിക്കാവുന്ന പരമാവധി തുക അനുവദിക്കപ്പെട്ടവരുടെ ജില്ലാതല വിശദാംശം ലഭ്യമാക്കുമോ ;

(ഇ) വയനാട് ജില്ലയിൽ നടപ്പ് സാമ്പത്തിക വർഷം പട്ടികവർഗ്ഗ വിഭാഗത്തിൽ വകുപ്പുമന്ത്രിയുടെ സഹായനിധിയിൽ നിന്നും അനുവദിച്ച തുകയുടെ താലൂക്കുതല വിശദാംശം ലഭ്യമാക്കുമോ ?

ഉത്തരം

(എ&ബി) പട്ടികജാതി വിഭാഗങ്ങൾക്ക് ആകെ അനുവദിച്ച തുകയുടെ ജില്ലാതല വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

LIBRARY ARCHIVES Kerala Legislative Assembly